പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2174 07.12.2015-ൽ മറുപടിക്ക്

## കൈനകരി- പൂപ്പള്ളി- ചമ്പക്കുളം ബസ് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | ആലപ്പുഴ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും കൈനകരി, പൂപ്പള്ളി വഴി ചമ്പക്കുളത്തേക്ക് രാവിലെയും വൈകിട്ടും ഓരോ ബസ് സർവ്വീസ് ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (എ) | ആലപ്പുഴ ഡിപ്പോയിൽ നിന്നും രാവിലെ 06.00 മണിക്ക് കൈനകരി-പൂപ്പള്ളി വഴി ചങ്ങനാശ്ശരിക്ക് ഒരു സർവ്വീസ് ഇപ്പോൾ നടത്തി വരുന്നുണ്ട്. രാവിലെയും വൈകിട്ടും ബസ് സർവ്വീസ് ലഭ്യമാക്കണമെങ്കിൽ പുതിയ ഒരു സർവ്വീസ് ആരംഭിക്കേണ്ടിയിരിക്കുന്നു. ബസിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ബി) | എടത്വാ ഡിപ്പോയിൽ നിന്നോ ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്നോ മിത്രക്കരി ഭാഗത്തേക്ക് പകൽ 11 മണി സമയത്ത് ഒരു ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | എടത്വ ഡിപ്പോയിൽ നിന്നുമുള്ള 05.10 ആലപ്പുഴ സർവ്വീസിന് രാവിലെ 11.20-ന് എടത്വ-കളങ്ങര-മിത്രകരി വഴി ഒരു ട്രിപ്പ് നിലവിലുണ്ട്. ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്നും മേൽ പറഞ്ഞ സമയത്ത് ഒരു സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ